# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5278

### 01-07-2019 ൽ മറുപടിക്ക്

### മസാല ബോണ്ടുകൾ വാങ്ങിയ കമ്പനികൾ

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾ പ്രൈമറി സെല്ലിംഗ് മാർക്കറ്റിൽ നിന്നും വാങ്ങിയ കമ്പനികളുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ;<br>(ബി) എത്ര തുകയുടെ ബോണ്ടുകളാണ് പ്രസ്തുത കമ്പനികൾ വാങ്ങിയിരിക്കുന്നതെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത മസാല ബോണ്ടുകൾ വാങ്ങിയ കമ്പനികളെ തെരഞ്ഞെടുത്തതിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | അന്താരാഷ്ട്ര ബോണ്ട് വിപണിയിലെ സാമ്പ്രദായിക നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നടപ്പിലാക്കിയ കിഫ്ബിയുടെ മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കു. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. കിഫ്ബിയിൽ ലഭ്യമായിട്ടുള്ള നിക്ഷേപകരുടെ വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനു ശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. |
| (ഡി) പ്രസ്തുത കമ്പനികളുടെ ഏതൊക്കെ പ്രതിനിധികളാണ് കേരളത്തിലെത്തി സർക്കാരുമായി ചർച്ച നടത്തിയിരുന്നത്; ചർച്ച നടത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ;<br>(ഇ) കിഫ്ബിയുടെ ന്യൂസ് ലെറ്ററുകളിൽ പ്രതിപാദിച്ചിരിക്കുന്ന ആങ്കർ ഇൻവെസ്റ്റർ ആരാണെന്ന് വെളിപ്പെടുത്താമോ? | വിവിധ രാജ്യങ്ങളിൽ നടന്ന റോഡ് ഷോകളിൽ ഇതുവരെ ഇന്ത്യയിൽ നിന്നുള്ള മസാല ബോണ്ട് ഇടപാടുകളിൽ നിക്ഷേപിച്ചിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ച നടത്തുകയുണ്ടായി. കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് കാനഡയിലെ ക്യൂബെക്ക് ആസ്ഥാനമായുള്ള സി.ഡി.പി.ക്യൂ എന്ന പെൻഷൻ ഫണ്ട് സ്ഥാപനത്തിലെ പ്രതിനിധികളാണ് കേരളത്തിലെത്തി ചർച്ചകൾ നടത്തിയത്. ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| | *<u>നവംബർ 16, 2019</u>*<br>ശ്രീമതി. അനിത മരങ്കൊലി ജോർജ് , സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്<br>ശ്രീ.വീറ്റോ ടെലർബാ - ഡയറക്ടർ , ഇൻവെസ്റ്റ്മെൻറ്സ്, സോവറിൻ ഡെബ്റ്റ്<br>ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ<br>*<u>ഫെബ്രുവരി 19, 2019</u>*<br>ശ്രീ. ഫ്രാൻകോയിസ് ലഗാർടെ - ഹെഡ് ഓഫ് സോവറിൻ ഡെബ്റ്റ്<br>ശ്രീ.ഡേവിഡ് ലെട്ടോർ - ഹെഡ് ഓഫ് ഫിക്സഡ് ഇൻകം റിസ്ക്<br>ശ്രീ.ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ<br>*<u>ഫെബ്രുവരി 25-28, 2019</u>*<br>ശ്രീ.എറിക് ലെമിയക്സ് - ഡയറക്ടർ , ഇൻവെസ്റ്റ്മെൻറ്സ്- എക്സ്റ്റേണൽ പോർട്ട്ഫോളിയോ മാനേജ്മെന്റ്- പബ്ലിക് മാർക്കറ്റ്സ്<br>ശ്രീ.ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ<br>ശ്രീമതി.സോഫി കോസിനെ - വൈസ് പ്രസിഡന്റ്, എമേർജിങ് മാർക്കറ്റ് & ഇ.എസ്.ജി<br>ശ്രീമതി.വർഷ പോഡാർ - അസ്സോസിയേറ്റ് , ഗ്രോത് മാർക്കറ്റ്<br>കിഫ്ബി ഒരു സ്ഥാപനത്തെയും ആങ്കർ ഇൻവെസ്റ്റ്റായി നിയോഗിച്ചിട്ടില്ല. ലോകത്തിലെ വലിയ പെൻഷൻ ഫണ്ടുകളിൽ ഒന്നായ ഒരു സ്ഥാപനം എന്ന നിലയിലും, മസാല ബോണ്ടിലെ മുഖ്യ നിക്ഷേപകരിൽ ഒന്നായ സ്ഥാപനം എന്ന നിലയിലും, കിഫ്ബിയെയും അതിന്റെ സംവിധാനങ്ങളെയും കുറിച്ച് കുറിച്ചും അറിയുവാൻ താൽപര്യം പ്രകടിപ്പിച്ച സ്ഥാപനം എന്ന നിലയിലാണ് ടി സ്ഥാപനത്തെ കുറിച്ച് ന്യൂസ് ലെറ്ററിൽ പ്രതിപാദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ